# സാമൂഹ്യ ശാസ്ത്രം - ക്ലാസ്സ്: 6

## യൂണിറ്റ് 3 – കേരളം മണ്ണും മഴയും മനുഷ്യനും

**വിലയിരുത്താം**

**1. കേരളത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ എന്നിവയിലെ വൈവിധ്യം കാർഷിക വൈവിധ്യത്തെ സ്വാധീനിക്കുന്നുവോ? ഉദാഹരണ സഹിതം വ്യക്തമാക്കുക.**

ഉത്തരം: കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ ഉൾപ്പെടുന്ന **മലനാട്ടിൽ** മഴയും മഞ്ഞും തണുപ്പും ഏറെയാണ്. ഏലം, തേയില എന്നീ വിളകളുടെ വളർച്ചക്കാവശ്യമായ താപനിലയും മഴയും മണ്ണും ഈ പ്രദേശത്ത് അനുഭവപ്പെടുന്നു. താപനില 30 ഡിഗ്രി സെൽഷ്യസിൽ താഴെ, ധാരാളമായി ലഭിക്കുന്ന മഴ, നീർവാർച്ചയുള്ള മണ്ണ്, സംസ്ഥാനത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ കാണപ്പെടുന്ന വനമണ്ണ് എന്നിവ ഈ വിളകളുടെ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്.

തീരപ്രദേശത്തിനും മലനാടിനുമിടയിൽ സ്ഥിതി ചെയ്യുന്ന **ഇടനാട്ടിൽ** പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ, കാച്ചിൽ, ചേന, വാഴ തുടങ്ങിയവ വ്യാപകമായി കൃഷി ചെയ്യുന്നു. ലാറ്ററൈറ്റ് മണ്ണിന്റേയും എക്കൽ മണ്ണിന്റേയും സാനിധ്യമാണ് ഇടനാട്ടിലെ വിളവെടുപ്പിന് മുഖ്യ കാരണം.

സമുദ്ര നിരപ്പിൽ നിന്നും അധികം ഉയരമില്ലാത്ത പ്രദേശമാണ് **തീരപ്രദേശം.** താഴ്ന്ന ഇടങ്ങളിലെ എക്കൽ മണ്ണ് നെൽകൃഷിക്കും തീരപ്രദേശങ്ങളിലെ ഉപ്പുരസമുള്ള എക്കൽ മണ്ണ് തെങ്ങ് കൃഷിക്കും അനുയോജ്യമാണ്. ഈ മണ്ണിന് വളക്കൂറും ജലസംഭരണശേഷിയും കുറവാണ്.

**2. ഭക്ഷ്യ സ്വയം പര്യാപ്തതക്കായി ഓരോ വ്യക്തിയും കർമ നിരതമാകണം. വിദ്യാർത്ഥി എന്ന നിലയിൽ എന്തൊക്കെ ക്രിയാത്മക നടപടികൾ ഇതിനായി ഏറ്റെടുക്കാൻ കഴിയും?**

ഉത്തരം: വീട്ടിലേക്ക് ആവശ്യമായ പച്ചക്കറികൾ വീട്ടിൽത്തന്നെ ഉൽപ്പാദിപ്പിക്കാൻ ശ്രമിക്കണം. സ്ഥലപരിമിതി ഉള്ളവർക്ക് മട്ടുപ്പാവ് കൃഷി ചെയ്യാം. മണ്ണും മണലും ചാണകപ്പൊടിയും നിറച്ച ചാക്കുകളിലും കൃഷി ചെയ്യാം.

ഓരോ വിദ്യാർഥിയും സ്വന്തം വീടുകളിൽ കൃഷി ആരംഭിക്കണം. കേരളത്തിലെ എല്ലാ സ്കൂളുകളിലും കൃഷി ഭവനുകളുടെ സഹായത്തോടെ കാർഷിക ക്ലബ്ബുകൾ രൂപീകരിച്ച് കൃഷികൾ ആരംഭിക്കണം. പൂന്തോട്ടങ്ങളിലെ ചെടികൾക്ക് പകരം പാവലും പയറും വഴുതനയും പടവലവുമെല്ലാം കൃഷി ചെയ്യാം.

**കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും**

**3. നമുക്കാവശ്യമായ പച്ചക്കറികൾ വീട്ടിൽത്തന്നെ ഉൽപ്പാദിപ്പിച്ചാലുള്ള നേട്ടങ്ങൾ എന്തെല്ലാം?**

ഉത്തരം: വീടുകളിലെ പച്ചക്കറി കൃഷിയിലൂടെ ഓരോ കുടുംബത്തിനും സ്വയം പര്യാപ്തത കൈവരിക്കാം. ജീവിത ചെലവുകൾ കുറക്കാം. അമിത രാസവള

Scanned with CamScanner

പ്രയോഗത്തിന്റേയും കീടനാശിനി പ്രയോഗത്തിന്റേയും അനന്തരഫലമായ അസുഖങ്ങളിൽ നിന്നും രക്ഷ നേടാം.

**4. ഗ്രൂപ്പ് ഫാമിംഗ് എന്നാലെന്ത്? ഇതിന്റെ സവിശേഷതകൾ ഏവ?**

ഉത്തരം: ഓരോരുത്തരും അവരവരുടെ ചെറിയ കൃഷിഭൂമിയിൽ ഒറ്റക്ക് കൃഷി ചെയ്യുന്നതിന് പകരം കുറേ കൃഷിക്കാർ ചേർന്ന് അടുത്തടുത്ത് കിടക്കുന്ന അനുയോജ്യമായ കൃഷിഭൂമികൾ ചേർത്ത് ആധുനികരീതിയിൽ കൃഷിചെയ്യുന്ന രീതിയെ ഗ്രൂപ്പ് ഫാമിംഗ് എന്ന് വിളിക്കുന്നു.

**ഗ്രൂപ്പ് ഫാമിംഗിന്റെ സവിശേഷതകൾ**

- തുണ്ടു ഭൂമികളെ സംയോജിപ്പിച്ച് കൃഷിചെയ്യാനനുകൂലമായ കൃഷിഭൂമി ഒരുക്കുന്നു.
- കർഷകർ കൂട്ടായ്മയോടെ ജലസേചന സൗകര്യം ലഭ്യമാക്കുന്നു.
- കൃഷിച്ചെലവ് കൂട്ടായി പങ്കിടുന്നു.
- യന്ത്രസാമാഗ്രികളുടെ സഹായത്തോടെ കൃഷി നടത്തുന്നു.
- വിവിധ സർക്കാർ വകുപ്പുകളുടെ സേവനം ഉറപ്പുവരുത്തുന്നു.
- ആധുനിക കൃഷിരീതികൾ, ശാസ്ത്രീയമായ വളപ്രയോഗങ്ങൾ, കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കുന്നു.
- കൂട്ടായി വിളവെടുക്കുന്നു.
- സംഭരണം, ശേഖരണം, വിതരണം എന്നിവ ലാഭരമാക്കുന്നു.
- ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നു.

**5. കേരളത്തിലെ കൃഷിഭൂമിയുടെ വിനിയോഗത്തിൽ വന്ന മാറ്റങ്ങൾ എന്തെല്ലാം? ഈ മാറ്റം നമ്മുടെ നിത്യ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു?**

ഉത്തരം: ഇന്ന് കേരളത്തിന്റെ കാർഷികരംഗം വളരെയധികം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. 1961ൽ 7.5 ലക്ഷം ടൺ നെല്ലുൽപ്പാദിപ്പിച്ചിരുന്ന നമ്മുടെ സംസ്ഥനത്ത് 2011 ആയപ്പോഴേക്കും അത് 2.08 ടണ്ണായി കുറഞ്ഞു. കാർഷിക വിളകളുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ തെങ്ങാണ് മുന്നിൽ നിൽക്കുന്നത്. റബ്ബറിന് രണ്ടാം സ്ഥാനവും നെല്ലിന് മൂന്നാം സ്ഥാനവുമാണ്.

ഇത് കേരളത്തിന്റെ ഭക്ഷ്യ സ്വയം പര്യാപ്തത തകർക്കുകയും ഭക്ഷ്യസാമഗ്രികൾ ഇറക്കുമതി ചെയ്യുന്ന അവസ്ഥയിലേക്ക് എത്തുകയും ചെയ്തു.

**6. താഴെ പറയുന്ന കാർഷിക വിളകളെ അവ കൂടുതലായി കൃഷി ചെയ്യുന്ന ഭൂപ്രകൃതി വിഭാഗങ്ങൾ അടിസ്ഥാനമാക്കി തരം തിരിക്കുക.**

തേയില, റബ്ബർ, നെല്ല്, തെങ്ങ്, കുരുമുളക്, മരച്ചീനി ഏലം

ഉത്തരം:

| മലനാട് | ഇടനാട് | തീരപ്രദേശം |
|---|---|---|
| ഏലം, തേയില | കുരുമുളക്, മരച്ചീനി, റബ്ബർ | നെല്ല്, തെങ്ങ് |

==================================

Scanned with CamScanner